മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

IIRBS - പഞ്ചവത്സര എം.എസ്.സി പ്രോഗ്രാം - പ്രവേശന പരീക്ഷ, വെബ്സൈറ്റ്, ഇതര വിഷയങ്ങൾ സംബന്ധിച്ചുള്ള സിൻഡിക്കേറ്റ് തീരുമാനങ്ങൾ - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 12 സെക്ഷൻ**

നമ്പർ. 4590/AC A 12/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 26.09.2019

---

പരാമർശം:-1. ഐ.ഐ.ആർ.ബി.എസ് ഡയറക്ടർ 16.07.2018 ,19.07.2018 എന്നീ തീയതികളിൽ നൽകിയ കത്തുകൾ

2. 22.01.2019 ൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനുട്സ് ഇനം നം. 81/ 19.01/ 181906 .

3. 30.04.2019 ൽ ചേർന്ന സിൻഡിക്കറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നം. 39/19.03/DDFS/ACAXII/1/3139/2019

4. സ.ഉ.നം. 8482/02/സി.എം .എസ്/2018/ഭരണം, തീയതി 01.12.2018

**ഉത്തരവ്**

ഐ ഐ ആർ ബി എസിന്റെ ഡയറക്ടർ, IIRBS സെന്ററിലെ Five Year Integrated M.Sc Programme ന്റെ 2018 -2019 പ്രവേശന പരീക്ഷയുമായി ബന്ധപ്പെട്ട പരാമർശം (1) പ്രകാരം കത്തുകൾ നൽകിയിരുന്നു.

2018-2019 അക്കാദമിക വർഷത്തെ പ്രവേശന പരീക്ഷയുമായി ബന്ധപ്പെട്ട് ഡയറക്ടർ, IIRBS നൽകിയ കത്തുകൾ സിൻഡിക്കേറ്റിന്റെ പരിഗണനക്ക് നൽകുവാൻ വൈസ് ചാൻസലർ ഉത്തരവാകുകയും, പരാമർശം (2) പ്രകാരം ചേർന്ന സിൻഡിക്കേറ്റ്, IIRBS -ന്റെ വെബ്സൈറ്റിന് അംഗീകാരം കൊടുക്കുന്നതിനും, IIRBS ന്റെ പേരിനു Institute for Integrated Programmes and Research in Basic Sciences എന്നതിന് അംഗീകാരം കൊടുക്കുന്നതിനും, അടുത്ത അക്കാദമിക വർഷം ആരംഭിക്കുന്നതിനു മുൻപ് തന്നെ IIRBS -ലെ B.Sc-M.Sc Inter disciplinary MS Programme -ന്റെ സിലബസ് പരിഷ്കരിച്ചു അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തിന് സമർപ്പിക്കുവാനും, IIRBS -ൽ അഡ്മിഷൻ നടത്തുന്ന സമയത്തു തന്നെ അവിടെ നടത്തപ്പെടുന്ന കോഴ്സുകളുടെ കരിക്കുലവും സിലബസും നിർബന്ധമായും പൂർണ്ണമായ രീതിയിൽ തന്നെ സർവകലാശാലയുടെ അംഗീകാരം ലഭിച്ച വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുവാനും തീരുമാനിച്ചിരുന്നു.

എന്നാൽ പരാമർശം (4) പ്രകാരം, സർവകലാശാല പഠന വകുപ്പു വെബ്സൈറ്റുകൾ, സർവകലാശാല മെയിൻ വെബ്സൈറ്റിന്റെ സബ് ഡൊമൈൻ ആയി ഉപയോഗിക്കുവാൻ മാത്രം വ്യവസ്ഥ ചെയ്യുന്നതിനാലും , B.Sc -M.Sc Interdisciplinary MS Programme എന്ന സംജ്ഞ UGC മാനദണ്ഡം അനുസരിച്ചുള്ളതല്ലാത്തതിനാലും, പരാമർശം (2) പ്രകാരമുള്ള സിൻഡിക്കേറ്റ് തീരുമാനങ്ങൾ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി പുനഃസമർപ്പിച്ചു.

Draft #1 of File 3139/AC A12/1/2019/AC C 1 Approved by ASSISTANT REGISTRAR III (ACADEMIC) on 25-Sep-2019 10:40 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 3139/AC A12/1/2019/AC C 1 Approved by ASSISTANT REGISTRAR III (ACADEMIC) on 25-Sep-2019 10:40 PM - Page 2

പ്രസ്തുത വിഷയം സംബന്ധിച്ച് 30.04.2019 ൽ കൂടിയ സിൻഡിക്കേറ്റ് യോഗം, പരാമർശം (3) പ്രകാരം, 22.01.2019 ലെ സിണ്ടിക്കേറ്റ് തീരുമാനങ്ങളിൽ താഴെപറയുന്ന പ്രകാരം ഭേദഗതി വരുത്തുവാൻ തീരുമാനിച്ചു.

(i) സർവകലാശാല പഠന വകുപ്പ് വെബ്‌സൈറ്റുകൾ സർവകലാശാല മെയിൻ വെബ്‌സൈറ്റിന്റെ സബ് ഡൊമൈൻ ആയി മാത്രമേ പ്രവർത്തിക്കാവൂ എന്ന പരാമർശം (4) പ്രകാരമുള്ള സർവകലാശാല ഉത്തരവ് IIRBS -നും ബാധകമാക്കുവാൻ തീരുമാനിച്ചു.
(ii) B.Sc -M.Sc Interdisciplinary MS Programme എന്ന സംജ്ഞക്കു പകരം UGC അംഗീകൃത സംജ്ഞയായ Integrated M.Sc എന്ന പേര് ഉപയോഗിക്കുവാനും തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡയറക്ടർ ഐ .ഐ .ആർ . ബി .എസ്
2. വി.സി / പി. വി. സി എന്നിവരുടെ പി.എസ് മാർ
3. രജിസ്ട്രാറുടെ പി.എ./പരീക്ഷാ കൺട്രോളറുടെ പി.എ.
4. ജെ.ആർ II (ഭ.വി)/ഡി. ആർ II/എ.ആർ -III -(അക്കാദമിക്)
5. എ.സി.സി.-I / എ.സി.സി.-II
6. എ.ഡി.എ 7 /എ.ഡി.ബി 7 /എ.സി എ1
7. സി.എസ്.എസ്/എ.സി ബി6/7
8. ഇ.ബി. /ലീഗൽ സെക്ഷൻ
9. റെക്കോർഡ്സ്/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
10. എസ്.എഫ് /എഫ്.സി